# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2288

12.02.2020-ൽ മറുപടിയ്ക്ക്

## പ്രവാസി ബോണ്ട്

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|
| (എ) പ്രവാസി ചിട്ടിയിൽ ഇതിനോടകം എത്രപേർ അംഗങ്ങളായെന്നും ഇവരുടെ പങ്കാളിത്തത്തിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ; | (എ) | കെ.എസ്.എഫ്.ഇ. യുടെ പ്രവാസി ചിട്ടിയിൽ ഇതുവരെ (06/02/2020) 13,966 പേർ അംഗങ്ങളായിട്ടുണ്ട്. അതിൽ 13,750 പേർ ഇന്ത്യക്കു പുറത്തു നിന്നുള്ള മലയാളികളും 216 പേർ ഇന്ത്യക്ക് അകത്ത് കേരളത്തിന് പുറത്ത് താമസിക്കുന്ന മലയാളികളുമാണ്. |
| (ബി) പ്രവാസി ബോണ്ടിൽ ഇതിനോടകം എത്രയാളുകൾ അംഗങ്ങളായെന്ന് നിക്ഷേപമായി എത്ര കോടി ലഭ്യമായെന്നും അറിയിക്കുമോ;<br><br>(സി) ഇങ്ങനെ ലഭ്യമായ തുകയിൽ എത്രകോടി രൂപ കിഫ്ബിക്ക് കൈമാറിയെന്ന് അറിയിക്കുമോ? | (ബി) & (സി) | പ്രവാസി ബോണ്ട് എന്ന ഒരു ബോണ്ട് പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് നിലവിലില്ല. എന്നാൽ പ്രവാസി ചിട്ടിയിൽ അടയ്ക്കുന്ന പണം കെ.എസ്.എഫ്.ഇ കിഫ്ബി ബോണ്ടിൽ നിക്ഷേപിക്കുകയും, ചിട്ടി വിളിച്ചെടുത്ത ചിറ്റാളന് ചിട്ടിപ്പണം നൽകുന്നതിന് ആവശ്യമായ പണത്തിന് ബോണ്ട് കിഫ്ബിയ്ക്ക് തിരികെ നൽകുകയും ഉടനെ ചിട്ടിപ്പണം നൽകുകയുമാണ് ചെയ്യുന്നത്. കെ.എസ്.എഫ്.ഇ -യിൽ നിന്നും കിഫ്ബി ബോണ്ടുകളിലുള്ള നിക്ഷേപങ്ങളുടെ വിവരം (10.02.2020 തീയതിയിലെ കണക്കുകൾ പ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു.<br><br>ഇനം — തുക<br>കെ.എസ്.എഫ്.ഇ സെക്യൂരിറ്റി ബോണ്ട് (പ്രവാസി ചിട്ടി) — 21.198 കോടി<br>കെ.എസ്.എഫ്.ഇ ഡെപ്പോസിറ്റ് ബോണ്ട് (പ്രവാസി ചിട്ടി) — 76.76 കോടി<br>ആകെ — 97.958 കോടി |

| ഇനം | തുക |
|---|---|
| കെ.എസ്.എഫ്.ഇ സെക്യൂരിറ്റി ബോണ്ട് (പ്രവാസി ചിട്ടി) | 21.198 കോടി |
| കെ.എസ്.എഫ്.ഇ ഡെപ്പോസിറ്റ് ബോണ്ട് (പ്രവാസി ചിട്ടി) | 76.76 കോടി |
| ആകെ | 97.958 കോടി |

Puja

സെക്ഷൻ ഓഫീസർ